LIBRARY ARCHIVES Kerala Legislative Assembly

ഇ-ബീറ്റ് പദ്ധതിയിലെ ക്രമക്കേട്

222 (230) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് ആസ്ഥാനത്ത് നടന്ന ഇ-ബീറ്റ് (ഇലക്ട്രോണിക് ബീറ്റ്) പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) അന്വേഷണം നടത്തിയതാരാണ് ; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പോലീസ് നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ ഇ-ബീറ്റ് പദ്ധതിയിൽ അഴിമതി നടന്നതായും പലിശയടക്കം മൂന്ന കോടിയോളം രൂപയുടെ നഷ്ടം സംസ്ഥാനത്തിന് നേരിട്ടതായും അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്വേഷണ ഫലം പുറത്തായത് സംബന്ധിച്ചു ഐ.ജി., മനോജ് എബ്രഹാം ഡി.ജി.പി.യ്ക്ക് നൽകിയ പരാതിയുടെയും ഇതു സംബന്ധമായി എസ്. പി. രാഹുൽ ആർ നായർ ഡി.ജി.പി.യ്ക്ക് നൽകിയ പരാതിയുടേയും അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ-ഡി) ഇ-ബീറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് എ.ഡി.ജി.പി. (ക്രൈംസ്) അന്വേഷണം നടത്തിവരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

എ.സി. ഹനീഫയുടെ കൊലപാതകം

223 (231) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ ചാവക്കാട്ടെ കോൺഗ്രസ്സ് പ്രവർത്തകനായ എ.സി. ഹനീഫയുടെ കൊലപാതകത്തെ തുടർന്ന്, കെ.പി.സി.സി ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പ്രസിഡന്റ് ഗോപ പ്രതാപനെ കോൺഗ്രസ്സ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്, കൊലപാതകം സംബന്ധിച്ച് അന്വേഷിക്കുന്ന പോലീസ് സംഘത്തിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;